## പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണം

159(5318) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനായി സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കേരളത്തിലെ പരമ്പരാഗത കരകൗശല മേഖലകളുടെ പരിപോഷണത്തിനായി കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ, കരകൗശല അപെക്സ് സഹകരണ സംഘം (സുരഭി), കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, കേരള ആർട്ടിസാൻ വികസന കോർപ്പറേഷൻ (കാഡ്കോ), കേരള പനയുല്പന്ന വികസന കോർപ്പറേഷൻ (കെൽപാം) എന്നീ സംസ്ഥാനതല സ്ഥാപനങ്ങൾ സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സ്ഥാപനങ്ങൾ മുഖേന അതാത് മേഖലകളിലെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി വർഷാവർഷം ബഡ്ജറ്റ് വിഹിതം അനുവദിച്ചു വരുന്നു. സർക്കാർ സാമ്പത്തിക സഹായം ഉൾപ്പെടുത്തി പ്രസ്തുത സ്ഥാപനങ്ങൾ ഉത്പന്നങ്ങൾക്കാവശ്യമുള്ള അസംസ്കൃത വസ്തുക്കൾ സംഭരിച്ച് തൊഴിലാളികൾക്ക് വിതരണം ചെയ്യുക, വിപണനത്തിനായി സ്ഥിരം സംവിധാനം ഒരുക്കുക എന്നിവയ്ക്കുപുറമേ വിശേഷാവസരങ്ങളിൽ മേളകൾ സംഘടിപ്പിക്കുക, പരിശീലന പരിപാടികൾ സംഘടിപ്പിക്കുക എന്നിവയും ചെയ്തുവരുന്നു. കരകൗശല മേഖലയിൽ ചെറുകിട വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 'ആഷ' എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി കരകൗശല മേഖലയിൽ ആരംഭിക്കുന്ന ചെറുകിട സംരംഭങ്ങൾക്ക് സ്ഥിരനിക്ഷേപത്തിന്റെ 40% തുക അതായത് പരമാവധി 2 ലക്ഷം രൂപവരെ ഗ്രാന്റായി നൽകുമ്പോൾ പട്ടികജാതി പട്ടികവർഗ്ഗ വനിതാ സംരംഭകർക്ക് ധനസഹായത്തിന്റെ പരിധി 3 ലക്ഷം രൂപയാണ് നൽകുന്നത്. പരമ്പരാഗത കരകൗശല ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തി നൽകുന്നതിന് വിശേഷാവസരങ്ങളിൽ മേളകൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് സാങ്കേതിക ഉപദേശവും നൽകിവരുന്നുണ്ട്. പരമ്പരാഗത കശുവണ്ടി മേഖലയെ പുനരുദ്ധരിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി അടിസ്ഥാന സൗകര്യ വികസനം, ആധുനികവത്കരണം, ഭാഗിക യന്ത്രവത്കരണം എന്നീ മേഖലകളിൽ ഫണ്ട് അനുവദിച്ചുവരുന്നു. ഖാദി മേഖലയിലെ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉത്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ, ഉത്സവബത്ത

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

1750 രൂപയാക്കി വർദ്ധിപ്പിച്ചത്, ഉല്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയത് (നൂല്പിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 രൂപയും), ഇ.എസ്.ഐ, ക്ഷേമനിധി ആനുകൂല്യങ്ങൾ, അദ്ധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉത്പാദനവും കൂലിയും ലഭിക്കാനുതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി ഖാദി ഗ്രാമം പദ്ധതി തുടങ്ങിയവ നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കുപകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവത്കരണം തുടങ്ങിയ പ്രവർത്തനവും നടത്തിവരുന്നു. ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ എന്റെ ഗ്രാമം പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽനിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചു നൽകുന്നു. ഇതിനുപുറമേ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ വായ്പ ലഭ്യമാക്കിവരുന്നു. കയർ മേഖലയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. വിപണനം, പരസ്യപ്രചരണ വ്യാപാര പ്രവർത്തനങ്ങൾ, എക്സിബിഷനുകൾ മുതലായവയ്ക്കും ഷോറൂമുകൾ സ്ഥാപിക്കുന്നതിനുമുള്ള ധനസഹായം.

2. കയറും കയർ ഉത്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (50% സംസ്ഥാന വിഹിതം മാച്ചിംഗ് ഫണ്ടായി നൽകുന്നു). മുൻവർഷത്തെ വിപണനത്തിന്റെ 10% ഉത്പന്ന സഹകരണ സംഘങ്ങൾക്ക് വിപണി വികസനത്തിനായി നൽകിവരുന്നു.

3. കയർ ഭൂവസ്ത്ര വികസന പരിപാടി, കയർ ഭൂവസ്ത്രത്തിന്റെ വിപണി കണ്ടെത്തുന്നതിന് സെമിനാറുകൾ, ശില്പശാലകൾ എന്നിവ നടത്തുന്നു.

4. കയർ സാങ്കേതിക വിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്കുള്ള ധനസഹായം.

5. കയർ വ്യവസായത്തിന്റെ യന്ത്രവത്കരണവും പശ്ചാത്തല വികസനവും - കയർ വ്യവസായത്തിലെ നിയന്ത്രിത യന്ത്രവത്കരണം. അടിസ്ഥാനസൗകര്യം സംഘടിപ്പിക്കുന്നതിനും യന്ത്രവത്കരണം നടത്തുന്നതിനുമായി.

6. പരിശീലനവും നേതൃത്വ പാലനം മെച്ചപ്പെടുത്തലും- കയർ തൊഴിലാളികൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥതലത്തിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതി.

7. ഉത്പാദനവും വിപണന പ്രചോദനവും - പ്രാഥമിക കയർ സഹകരണ സംഘങ്ങൾക്ക് അവരുടെ മുൻവർഷത്തെ വിപണനത്തിന്റെ 10% ഉത്പ്പാദന വിപണന പ്രചോദന ഗ്രാന്റായി നൽകിവരുന്നു.

8. വിലവ്യതിയാന സ്ഥിരതാ ഫണ്ട് - ചകിരി, കയർ, കയർ ഉത്പന്നങ്ങൾ എന്നിവ സംഭരിച്ച് വിപണനം ചെയ്യുന്നതിന്, കയർ കോർപ്പറേഷൻ, കയർഫെഡ് എന്നിവർക്ക് നൽകിവരുന്ന ധനസഹായം.

9. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.

10. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടിയും തൊണ്ട് ശേഖരണ പരിപാടിയും.

11. കയർ വ്യവസായത്തിന്റെ പുനഃസംഘടന രണ്ടാം ഘട്ടം - അടിസ്ഥാനസൗകര്യ വികസനത്തിനും യന്ത്രവത്കരണത്തിനും എൻ.സി.ഡി.സി സഹായം നൽകുന്നു.

12. പള്ളിപ്പുറം വികസന കേന്ദ്രത്തിൽ കയർ ക്ലസ്റ്റർ സ്ഥാപിക്കൽ - കയർ രണ്ടാം പുനഃസംഘടനാ പദ്ധതിയിൽ ഭൂമി ഏറ്റെടുക്കുന്നതിനും ലാൻഡ് ഡവലപ്മെന്റിനുമായി ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

13. കണിച്ചുകുളങ്ങരയിൽ വ്യാവസായിക അടിസ്ഥാനത്തിൽ കയർ ബൈൻഡർലസ് ബോർഡ് ഉത്പാദിപ്പിക്കുന്ന ഫാക്ടറി സ്ഥാപിക്കൽ - കയർ രണ്ടാം പുന:സംഘടനാ പദ്ധതിയിൽ, ബൈൻഡർലസ് ബോർഡ് ഫാക്ടറി സ്ഥാപിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനും ഫാക്ടറിക്ക് യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും റിസർച്ച് & ഡവലപ്മെന്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനും പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു.

14. യന്ത്രവത്കൃത സഹകരണ കയർ ഉത്പന്ന ഫാക്ടറികൾ സ്ഥാപിക്കൽ - കയർ രണ്ടാം പുന:സംഘടനയിലെ പ്രധാനപ്പെട്ട ഇനങ്ങളിൽ ഒന്നാണ് കയർ രംഗത്ത് നൂതന ഉത്പന്ന ഫാക്ടറികൾ സ്ഥാപിക്കുന്നതിനും നീഡിൽ ഫെൽറ്റ്, ടഫ്റ്റഡ് ഫാക്ടറികളും കയർ സഹകരണ മേഖലയിൽ ആരംഭിക്കുന്നതിനുമുള്ള പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

15. കയർ സഹകരണ സംഘങ്ങളുടെ പുന:സംഘടനയും മാനേജീരിയൽ സബ്സിഡിയും - കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി കയർ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ വേതനത്തിന്റെ ഒരു ഭാഗം, പരമാവധി പ്രതിമാസം 5000 രൂപ സർക്കാർ ഗ്രാന്റായി നൽകിവരുന്ന പദ്ധതി.

കൈത്തറി മേഖലയുമായി ബന്ധപ്പെട്ട പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി - കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കൈത്തറി വസ്ത്ര മേഖല. കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. പ്രസ്തുത പദ്ധതി നടപ്പിലാക്കി 4 വർഷം പിന്നിടുമ്പോഴും കൈത്തറി മേഖലയിലെ നെയ്ത്ത് തൊഴിലാളികളുടെ എണ്ണത്തിൽ വർദ്ധനവാണുണ്ടായിട്ടുള്ളത്.

2. കൈത്തറി മേഖലയിലെ സ്വയംതൊഴിൽ സഹായ പദ്ധതി - കൈത്തറി മേഖലയിൽ സംരംഭകരെ ആകർഷിക്കുന്നതിനും തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് കൈത്തറി മേഖലയിൽ ഉല്പാദന യൂണിറ്റുകൾ തുടങ്ങി സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് സ്വയംതൊഴിൽ സംരംഭം. ഈ പദ്ധതി പ്രകാരം സ്ഥിരനിക്ഷേപം, പ്രവർത്തനമൂലധനം, പരിശീലനം, വിപണനം എന്നിവയ്ക്കായി സംരംഭകർക്ക് മാർജിൻമണി ഗ്രാന്റ് നൽകി പുതിയ സംരംഭം ആരംഭിക്കുന്നതിന് സഹായം നൽകുന്നു. ഈ പദ്ധതി പ്രകാരം സ്ഥിര നിക്ഷേപത്തിന്റെ 40% തുക പരമാവധി 4,00,000 രൂപയായി നിജപ്പെടുത്തിയും പ്രവർത്തന മൂലധനത്തിന്റെ 30% തുക പരമാവധി 1,50,000 രൂപയായി നിജപ്പെടുത്തിയും മാർജ്ജിൻ മണി ധനസഹായമായി നൽകുന്നു. പ്രാഥമിക കൈത്തറി സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി പങ്കാളിത്തം സഹകരണ സംഘങ്ങളിലെ അംഗങ്ങളിൽനിന്നും പിരിച്ചെടുത്ത ഓഹരി തുകയുടെ നിശ്ചിത ഇരട്ടി (ജനറൽ വിഭാഗത്തിന് ഇരട്ടി, വനിതാ വിഭാഗത്തിന് 3 ഇരട്ടി, എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് 5 ഇരട്ടി) സർക്കാർ ഓഹരി ആയി നിക്ഷേപിക്കുന്നതാണ് സർക്കാർ ഓഹരി പങ്കാളിത്തം. സ്ഥിരാസ്തി/പ്രവർത്തന മൂലധനത്തിനായി പ്രസ്തുത തുക അംഗീകാരത്തിന് വിധേയമായി വിനിയോഗിക്കാവുന്നതാണ്. പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്കും ഹാന്റക്സ്, ഹാൻവീവ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഈ പദ്ധതിയിലൂടെ പ്രയോജനം ലഭിക്കും. ഈ ധനസഹായം (ജി.എസ്.പി) തുക ലഭിച്ച് 15 വർഷം കഴിഞ്ഞ് 10 തുല്യ ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതാണ്. ഒരു സംഘത്തിന് പരമാവധി 5 ലക്ഷം രൂപ ലഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly

3. ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി - പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുന്നതിനായി ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി നടപ്പിലാക്കുന്നുണ്ട്. തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും റിപ്പയർ ചെയ്യുന്നതിനും ഫണ്ട് ഉപയോഗിക്കുന്നു.

4. ഒരു വീട്ടിൽ ഒരു തറി പദ്ധതി - ഒരു വീട്ടിൽ ഒരു തറി പദ്ധതി പ്രകാരം കൂടുതൽ നെയ്ത്തുകാരെ തൊഴിലിലേയ്ക്ക് ആകർഷിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

5. യുവവീവ് പദ്ധതി - യുവതലമുറയെ കൈത്തറി മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണിത്. കൈത്തറി നെയ്ത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതാ നെയ്ത്തുകാർക്ക് വിശ്രമ മുറികൾ, ടോയ്‌ലറ്റുകൾ, സ്റ്റോറിംഗ് സൗകര്യങ്ങൾ എന്നിവ അനുവദിച്ചുകൊടുക്കുന്നതിനായി ഒരു പുതിയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി സ്ത്രീകൾക്ക് അവരുടെ ജോലി സ്ഥലത്ത് ആരോഗ്യസംരക്ഷണവും സുരക്ഷിതത്വവും ഉറപ്പാക്കുന്നു.

6. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം യാൺ ബാങ്കുകൾ വഴി നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതിനായി മാർജിൻ മണി വായ്പ നൽകുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം.

7. കൈത്തറി ഗ്രാമവും സമഗ്ര കൈത്തറി ഗ്രാമവും സ്ഥാപിക്കൽ - കൈത്തറി പഴമയുടെ കലാവൈഭവവും നെയ്ത്തുകാർ കേന്ദ്രീകരിച്ചിരിക്കുന്ന പ്രദേശങ്ങളിലെ വ്യവസായത്തിന്റെ പരിണാമവും പ്രവർത്തനങ്ങളുടെ മൊത്തത്തിലുള്ള അവലോകനവും പ്രദർശിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(ബി) പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യ വികസനം, നവീകരണം എന്നിവയ്ക്കായി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യ വികസനം, നവീകരണ പദ്ധതികൾ ഫില്ലിംഗ്-പാക്കിംഗ് ഷെഡ്ഡുകളുടെ സ്ഥാപനം, പാർഷ്യൽ മെക്കനൈസേഷന്റെ ഭാഗമായുള്ള കട്ടിംഗ് മെഷീനുകളുടെ സ്ഥാപനം, തൊഴിലാളികളുടെ തൊഴിൽ നിലവാരം മെച്ചപ്പെടുത്തുന്നതിനുതകുന്ന തരത്തിലുള്ള ടോയ്‌ലറ്റ് ബ്ലോക്കുകളുടെ സ്ഥാപനം, ഡൈനിംഗ് ഹാൾ, തൊട്ടിപ്പുര ഷെഡ്ഡുകളുടെ നവീകരണം, ആവശ്യത്തിന് ഫാനുകൾ, തൊഴിലാളികൾക്ക് ഇരുന്ന് ജോലി ചെയ്യുന്നതിനുള്ള ക്രമീകരണം എന്നിവയും സാധ്യമാക്കിയിട്ടുള്ളതാണ്. കെ.എസ്.സി.ഡി.സി.-യിലെ ഫാക്ടറികൾ അടഞ്ഞുകിടന്ന കാലയളവിലേയ്ക്ക് തൊഴിലാളികൾക്ക് മുഖ്യമന്ത്രിയുടെ പ്രത്യേക നിധിയിൽ നിന്നും 2,500 രൂപ വീതം ധനസഹായ വിതരണവും നടത്തിയിരുന്നു. ഖാദി മേഖലയിലെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ 2010-11 മുതൽ മിനിമം വേതനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉത്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ, ഉത്സവബത്ത 1750 രൂപയാക്കി വർദ്ധിപ്പിച്ചത്, ഉത്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയത്, ഇ.എസ്.ഐ. ക്ഷേമനിധി ആനുകൂല്യങ്ങൾ, അദ്ധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉത്പാദനവും കൂലിയും ലഭിക്കാനുതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ്പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി ഖാദി ഗ്രാമം പദ്ധതി തുടങ്ങിയവ നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവസ്തുപകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങിയവ നടപ്പിലാക്കി. കയർ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിനായി കയർ മേഖലയിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കയർപിരി മേഖലയിലെ ആധുനികവത്ക്കരണത്തിലൂടെ 2020-21-ൽ കയർ ഉത്പാദനത്തിൽ 25,000 ടൺ ഉല്പാദനം കൈവരിച്ചു. 2015-16-ൽ 50 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ ഉണ്ടായിരുന്ന സ്ഥാനത്ത് 2020-21-ൽ 1000 മെഷീനുകൾ 100 കയർ സഹകരണ സംഘങ്ങളിൽ എൻ.സി.ഡി.സി സഹായത്തോടെ സ്ഥാപിച്ചു. ഇനി 100 മെഷീനുകൾ 1000 സംഘങ്ങളിൽ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. 2015-16 കാലയളവിൽ ഒരു തൊഴിലാളിയുടെ ശരാശരി വാർഷിക വരുമാനം 13,380 രൂപയായിരുന്നത് 2020-21-ൽ കയർ ഉൽപ്പാദനം വർദ്ധിച്ച തോതിൽ നടക്കുന്ന പ്രോജക്ടുകളിൽ 49,000/- രൂപയിലേയ്ക്ക് ഉയർത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. കോവിഡ് കാലത്ത് തൊഴിൽ നഷ്ടപ്പെടാതിരിക്കാൻ സംഘങ്ങളിൽ നിന്നും യൂണിറ്റ് അടിസ്ഥാനത്തിൽ കയർ പിരിക്കുന്ന തൊഴിലാളികൾക്ക് അവരുടെ വീടുകളിൽ ചകിരി, കയർഫെഡ് എത്തിച്ചുകൊടുത്തു. 2020 ജനവരി മുതൽ 2021 ഏപ്രിൽ വരെ മാത്രം സംഘങ്ങളിൽ നിന്നും (കോവിഡ്-19 ന്റെ ഒന്നും രണ്ടും വ്യാപന ഘട്ടങ്ങളിൽ) കയർഫെഡ് 134.424 കോടി രൂപയുടെ 261924 ക്വിന്റൽ കയർ വില്പന നടത്തിയിട്ടുണ്ട്. കൂടാതെ സംഘങ്ങൾക്ക് കയർ വില മുടക്കം കൂടാതെ നൽകുന്നതിനും പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി തൊഴിലാളികൾക്ക് വേതനം കൃത്യമായി നൽകുന്നതിനും സാധിച്ചിട്ടുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 25 കോടി രൂപ 2020-21 വർഷത്തേയ്ക്ക് സർക്കാർ അനുവദിച്ചിരുന്നു. ഈ തുക കൂടി ലഭിച്ചതോടെ കൂലിയിലെ സർക്കാർ വിഹിതവും പൂർണ്ണമായി

നൽകുന്നതിന് സാധിച്ചു. സംസ്ഥാന പ്ലാനിംഗ് ബോർഡ് കോവിഡിന്റെ 1-ാം വ്യാപന ഘട്ടത്തിൽ വളർച്ച രേഖപ്പെടുത്തിയ പരമ്പരാഗത വ്യവസായ മേഖലയായി കയറിനെ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി 1000 രൂപ വീതം അംഗങ്ങളായ എല്ലാ കയർ തൊഴിലാളികൾക്കും അനുവദിച്ചു. തുകയിൽ വിനിയോഗിക്കാതെ ബാക്കി നിൽക്കുന്ന തുക ഉൾപ്പെടെ അനുവദിച്ചു നല്കുകയുണ്ടായി. 2019-20-ലും 2020-21-ലും തൊഴിലാളികളുടെ എണ്ണത്തിൽ വർദ്ധനവ് കയർ മേഖലയിലുണ്ടായിട്ടുണ്ട്. കയർ മേഖലയിലുണ്ടായ മാന്ദ്യം പരിഹരിക്കുന്നതിനായി കയർഫെഡിന് 10 കോടി രൂപയും കയർ ഉത്പന്നങ്ങൾ സംഭരിക്കുന്നതിന് കയർ കോർപ്പറേഷന് 15 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കയർഫെഡ് സംഘങ്ങളിൽ സ്റ്റോക്കുള്ള കയർ മുഴുവനും സംഭരിക്കും. സംഘങ്ങൾക്കുള്ള പി.എം.ഐ. അനുവദിച്ചുവരുന്നു. എം.ഡി.എ. സംസ്ഥാന വിഹിതം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തൊഴിലാളികൾക്ക് കോവിഡ് പശ്ചാത്തലത്തിൽ സാമ്പത്തിക ബുദ്ധിമുട്ടില്ലാതെ മുമ്പോട്ട് പോകാനുള്ള സാഹചര്യമാണ് സർക്കാർ ഒരുക്കുന്നത്. കൈത്തറി മേഖലയിൽ നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി, ഉത്പാദന പ്രോത്സാഹന ധനസഹായം എന്നിവ നല്കുന്നു. അംഗീകൃത മാർഗ്ഗനിർദ്ദേശ പ്രകാരം ശാസ്ത്രീയമായി ജോലി മൂല്യനിർണ്ണയം നടത്തി വാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ അധികമായി ചെയ്യുന്ന ജോലിക്കനുസരിച്ച് ആനുകൂല്യങ്ങൾ നൽകി നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും പ്രോത്സാഹനം നൽകി ഉത്പാദനക്ഷമത മെച്ചപ്പെടുത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അതോടൊപ്പം കൈത്തറി മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി അംശദാന സമ്പാദ്യ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിലെ വരിക്കാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും വിവാഹം, കുട്ടികളുടെ വിദ്യാഭ്യാസം മുതലായവയ്ക്കുള്ള ചെലവിലേയ്ക്കായി ധനസഹായം നൽകുന്നതിന് പദ്ധതി വിഹിതം ഉപയോഗിക്കുന്നു. ഇതിൽ 50% തുക വനിതാ നെയ്ത്തുകാർക്കായി മാത്രം ഉപയോഗിക്കുന്നു. ക്ഷേമനിധി ബോർഡിന്റെ കീഴിൽ വരുന്ന 23,000 നെയ്ത്തുകാരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നെയ്ത്തു തൊഴിലാളിയുടെ കൂലിയുടെ കുറഞ്ഞത് 8% തുക ഇതിലേയ്ക്കായി ഈടാക്കുകയും അത്രതന്നെ തുക സർക്കാരിൽനിന്ന് ലഭ്യമാക്കുകയും ചെയ്യുന്നു. കൈത്തറി നെയ്ത്തുകാരുടെ ക്ഷേമത്തിനായി മഹാത്മാഗാന്ധി ബങ്കർ ബീമാ യോജന എന്ന ഇൻഷ്വറൻസ് പദ്ധതിയിൽ ഒരു നെയ്ത്തുകാരന്റെ വാർഷിക വരിസംഖ്യ ആയ 330 രൂപയിൽ കേന്ദ്ര സർക്കാരിന്റെ വിഹിതം 150 രൂപയും എൽ.ഐ.സി ഓഫ് ഇൻഡ്യയുടെ വിഹിതം 100 രൂപയും നെയ്ത്തുകാരന്റെ വിഹിതം 250 രൂപയുമാണ്. കൈത്തറി ഉത്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനും കൈത്തറി സഹകരണ സംഘങ്ങൾക്കും ഹാന്റക്സ്, ഹാൻവീവ് എന്നിവയ്ക്കും ഈ പദ്ധതി വഴി സഹായങ്ങൾ നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly